**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം - ഇൻഫർമേഷൻ കേരള മിഷന്റെ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ തസ്തികയുടെ അധിക ചുമതല വഹിക്കുന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി. എസ്. ജോസ്നമോൾക്ക് ആറാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ സൃഷ്ടിച്ചിട്ടുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=======================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.248/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 30.01.2020

=======================================================================

പരാമർശം:1. സ.ഉ.(കൈ) നം.426/2019/ധന. തീയതി 14.11.2019

2. സെക്രട്ടറി, ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 28.12.2019-ലെ SSFCB1/8/2019/ധന നമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2020-ലെ PAN/16060/2019-E11(DP) നമ്പർ കത്ത്

**ഉത്തരവ്**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തിക പരാമർശം (1) ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ടെന്നും പ്രസ്തുത ഒഴിവിലേക്ക് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി. എസ്. ജോസ്നമോൾക്ക് നിയമനം നൽകണമെന്ന് പരാമർശം (2) പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ സൃഷ്ടിച്ചിട്ടുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി. ജോസ്നമോളെ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ സൃഷ്ടിച്ചിട്ടുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയിലേക്ക് ഇൻഫർമേഷൻ കേരള മിഷന്റെ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ തസ്തികയുടെ അധിക ചുമതല വഹിക്കുന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി എസ്. ജോസ്നമോൾക്ക് അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം നൽകിയും ഇൻഫർമേഷൻ കേരള മിഷന്റെ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ തസ്തികയുടെ അധിക ചുമതല വഹിക്കുന്നതിന് ശ്രീമതി. എസ്. ജോസ്നമോൾക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ. ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

1. ശ്രീമതി. എസ്. ജോസ്നമോൾ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം), തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം

3. സെക്രട്ടറി, ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/5/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ